# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:258 27.02.2017-ൽ മറുപടിക്ക്

## ഇ-ഹെൽത്ത് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.എസ്.ശിവകുമാർ | ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | മുൻസർക്കാരിന്റെ കാലത്ത് ഇ-ഹെൽത്ത് പദ്ധതിയ്ക്കായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; ഈ പദ്ധതി നടപ്പിലാക്കാൻ പ്രസ്തുത കാലയളവിൽ എത്ര കോടി രൂപ കേന്ദ്ര സർക്കാർ അനുവദിച്ചുവെന്നും അതിലെത്ര രൂപ ലഭിച്ചുവെന്നും വിശദമാക്കാമോ; | എ) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പദ്ധതിയ്ക്കായി പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുകയും ഭരണാനുമതി ലഭിക്കുകയും ചെയ്തു. പദ്ധതി പ്രവർത്തനത്തിനു വേണ്ടി ഹൈലെവൽ ഗവേണിംഗ് കമ്മിറ്റിയും ടെക്നിക്കൽ അഡ് വൈസറി കമ്മിറ്റികളും രൂപീകരിച്ചു. ഇ ഹെൽത്ത് കേരള പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് രൂപീകരിക്കുകയും ടെണ്ടർ നടപടികളിലൂടെ പദ്ധതിക്ക് ആവശ്യമായ സോഫ്റ്റ് വെയർ നിർമ്മാണത്തിനുള്ള ഏജൻസിയെ തെരെഞ്ഞെടുക്കുകയും ചെയ്തു. ഈ പദ്ധതിക്കുള്ള കേന്ദ്ര വിഹിതമായ 86.6945 കോടി രൂപയിൽ 43.3473 കോടി രൂപ ലഭിച്ചിട്ടുണ്ട്. |
| ബി) | രണ്ടാം ഘട്ടമായി ബാക്കിയുള്ള ഏഴ് ജില്ലകളിലേക്ക് പദ്ധതി വ്യാപിപ്പിക്കുന്നതിനായി കേന്ദ്രസർക്കാരിൽ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ; | ബി) | കേരളത്തിലെ എല്ലാ ജില്ലകളിലുമുള്ള സർക്കാർ ആശുപത്രികളിൽ ഈ പദ്ധതി നടപ്പാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഏഴ് ജില്ലകൾ വീതം രണ്ട് ഘട്ടമായിട്ടാണ് ഈ ലക്ഷ്യം കൈവരിക്കുക. ആദ്യഘട്ടത്തിൽ തിരുവനന്തപുരം, ആലപ്പുഴ, ഇടുക്കി, എറണാകുളം., മലപ്പുറം, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലും രണ്ടാംഘട്ടമായി മറ്റു ജില്ലകളിലുമാണ് പദ്ധതി പ്രവർത്തനം ആസൂത്രണം ചെയ്തിരിക്കുന്നത്. |
| സി) | ഈ പദ്ധതിയുടെ ഒന്നാം ഘട്ടത്തിലെ ടെൻഡർ നടപടികൾ ഏത് വർഷമാണ് പൂർത്തീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | സി) | 22-02-2014 ൽ ടെണ്ടർ ക്ഷണിക്കുകയും ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത M/s Hewlett Packard India Sales Pvt. Ltd. ന് 22.50 കോടി രൂപയ്ക്ക് 24-09-2014 ൽ Letter of Award നൽകുകയും 01-10-2014 ൽ കോൺട്രാക്ട് ഒപ്പിടുകയും ചെയ്തു. ടെണ്ടർ നടപടികൾ 2014 ൽ പൂർത്തീകരിച്ചിരുന്നെങ്കിലും കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഈ പദ്ധതി ആരംഭിച്ചിരുന്നില്ല. തുടർന്ന് ഈ സർക്കാരാണ് അനുവദിച്ച തുക ലാപ്സ് ആകാതിരിക്കാനുള്ള നടപടികൾ കൈക്കൊള്ളുകയും തിരുവനന്തപുരം ജില്ലയിൽ പൈലറ്റ് പ്രോജക്ട് നടപ്പിലാക്കികൊണ്ട് പദ്ധതിഉദ്ഘാടനം 25-01-2017 ൽ നടത്തുകയും ചെയ്തത്. |

സെക്ഷൻ ഓഫീസർ